(ബി) തെരഞ്ഞെടുത്ത കോളനികളുടെ സമഗ്രവികസനത്തിനാവശ്യമായ പദ്ധതികളാണ് നടപ്പാക്കുന്നത്. ഇവിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ പാർപ്പിടം, റോഡ്, ശുദ്ധജലം, വൈദ്യുതി എന്നിവ ഏർപ്പെടുത്തുക, അവരുടെ തൊഴിലവസരങ്ങളും വരുമാനമാർഗ്ഗങ്ങളും വർദ്ധിപ്പിക്കുന്നതിന് കാർഷിക വ്യവസായമേഖലകളിൽ ഉൽപ്പാദനയൂണിറ്റുകൾ ആരംഭിക്കുക, വിദ്യാഭ്യാസത്തിനും ബോധവൽക്കരണത്തിനും വേണ്ടി പരിപാടികൾ സംഘടിപ്പിക്കുക, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക തുടങ്ങി ആക്ഷൻ പ്ലാൻ പ്രകാരം അംഗീകരിച്ച വിവിധ പദ്ധതികളാണ് നടപ്പാക്കിയിരുന്നത്.

(സി) നടപ്പു സാമ്പത്തികവർഷം അംബേദ്കർ ഗ്രാമങ്ങൾക്ക് മാത്രമായി പുതിയ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. ഐ.എച്ച്.ഡി.പി. സ്പിൽ ഓവർ വർക്കിന് ഉൾപ്പെടുത്തിയിട്ടുള്ള തുകയിൽനിന്നും അംബേദ്കർ ഗ്രാമങ്ങളിൽ പൂർത്തിയാകാത്ത പദ്ധതികൾ പൂർത്തിയാക്കുന്നതിന് നടപ്പുവർഷത്തിലും തുക വകകൊള്ളിച്ചിട്ടുണ്ട്.

(ഡി) അംബേദ്കർ ഗ്രാമങ്ങളിലെ മുടങ്ങികിടക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തീകരിക്കുന്നതിനാവശ്യമായ പണം അനുവദിക്കുന്നതും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതും പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള ജില്ലാതല വികസനസമിതിയാണ്.

3 (1546) പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയുള്ള ധനസഹായം

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടിക ജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി എത്ര ആളുകൾക്ക് സഹായം നൽകുവാൻ സാധിച്ചിട്ടുണ്ട്;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ ആളുകൾക്ക് കൃഷി ഭൂമി വായ്പ, വാഹന വായ്പ, ഭവന നിർമ്മാണം എന്നിവയ്ക്ക് നാളിതുവരെ എത്ര കോടി രൂപ ഈ ഗവൺമെന്റ് വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 31.3.99 വരെ 11,639 പേർക്ക് (സഹായം നൽകിയിട്ടുണ്ട്).

(ബി) പട്ടിക ജാതി-പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ ഈ ആവശ്യങ്ങൾക്കായി 15.03 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്.

4 (1547) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിനെ പുനർനാമകരണം ചെയ്യാൻ നടപടി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗം എന്ന പേരുകൾക്കുപകരം ദളിത് ജാതി ദളിത് വർഗ്ഗമെന്ന് പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവകുപ്പിനെ പുനർനാമകരണം ചെയ്യുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly